"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4415 21.03.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

മലപ്പുറം എം.എസ്.പി. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | ആഭ്യന്തര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം എം.എസ്.പി. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും നിയമന വ്യവസ്ഥകളും മാനദണ്ഡങ്ങളും വിശദീകരിക്കുമോ; | (എ) | എം.എസ്.പി. വിദ്യാഭ്യാസ സ്ഥാപനം എന്നത് ഒരു എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളും ഒരു അൺ എയ്ഡഡ് ഹൈസ്കൂളും (എം.എസ്.പി. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ) ഉൾപ്പെട്ടതാണ്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും നിയമന വ്യവസ്ഥകൾ, മാനദണ്ഡങ്ങൾ എന്നിവ കെ.ഇ.ആർ. അനുസൃതമായിട്ടാണ് നടക്കുന്നത്. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഗവ. അംഗീകൃത സ്കൂളായിട്ടാണ് പ്രവർത്തിക്കുന്നത്. എന്നാൽ ആയത് പൂർണ്ണമായും വിദ്യാർത്ഥികളിൽ നിന്നുള്ള ഫീസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം കൊണ്ടാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ അതാത് സമയങ്ങളിൽ ടി സ്കൂളിൽ വരുന്ന ഒഴിവുകൾ, സ്കൂൾ മാനേജർ (കമാൻഡന്റ് എം.എസ്.പി.) മാനേജ്മെന്റ് കമ്മിറ്റിയുമായി കൂടിയാലോചിച്ച് നികത്തുകയാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി പ്രത്യേക പരീക്ഷകൾ, ഇന്റർവ്യൂ എന്നിവ നടത്തുന്നുണ്ടോ; എങ്കിൽ ആർക്കാണ് പരീക്ഷാച്ചുമതല; ഏത് തരത്തിലുള്ള പരീക്ഷകളാണ് ഉദ്യോഗാർത്ഥികൾക്കായി നടത്തുന്നത്; വിശദമാക്കുമോ; | (ബി) | എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ നിയമനത്തിനായി എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്താറുണ്ട്. 100 മാർക്കിന് എഴുത്തുപരീക്ഷ നടത്തി ആ പരീക്ഷയിൽ കട്ട് ഓഫ് മാർക്കിന് മുകളിൽ മാർക്കുനേടിയ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് ക്ഷണിച്ച് ആയതിൽ നിന്നുമാണ് തിരഞ്ഞെടുക്കുന്നത്. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ നിയമനത്തിനായി ഒഴിവുകൾ ഉണ്ടാകുന്ന സമയത്ത് പത്രപ്പരസ്യം നൽകി മാനേജർ (കമാൻഡന്റ്, എം.എസ്.പി.) ഇന്റർവ്യൂ നടത്തിയാണ് അധ്യാപക, അനധ്യാപക നിയമനങ്ങൾ നടത്തുന്നത്. |
| (സി) | പ്രസ്തുത വിദ്യാലയത്തിന്റെ നിയമനാധികാരി ആരാണ്; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | പ്രസ്തുത രണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും മാനേജർ എം.എസ്.പി. കമാണ്ടന്റ് ആണ്. ആയതുകൊണ്ടുതന്നെ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിന്റെ നിയമനാധികാരി കെ.ഇ.ആർ. പ്രകാരം മാനേജർ ആയ എം.എസ്.പി. കമാണ്ടന്റ് ആണ്. അതുപോലെ തന്നെ എം.എസ്.പി. അൺ എയ്ഡഡ് ഹൈസ്കൂളിന് (എം.എസ്.പി. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ) വിദ്യാഭ്യാസ വകുപ്പിൽനിന്നും പ്രവർത്തനാംഗീകാരം ലഭിച്ചിട്ടുള്ളത് എം.എസ്.പി. കമാൻഡന്റിന്റെ പേരിലാണ്. ആയതുകൊണ്ടുതന്നെ ടി സ്ഥാപനത്തിന്റെ നിയമനാധികാരി എം.എസ്.പി. കമാണ്ടന്റ് ആണ്. |

319769/2022

| | | | |
|---|---|---|---|
| (ഡി) | നിയമനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ സുതാര്യത ഉറപ്പ് വരുത്താൻ എല്ലാ നിയമനങ്ങളും പി.എസ്.സി ക്ക് വിടുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നിയമനം സംബന്ധിച്ച കാര്യത്തിൽ പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സിക്ക് വിടുന്ന കാര്യം നിലവിൽ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ